File No.SJD-D3/68/2020-SJD

"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

സംഗ്രഹം

സാമൂഹ്യനീതിവകുപ്പ് - കാഴ്ചവൈകല്യമുള്ള അമ്മമാർക്ക് പ്രസവാനന്തരം കുഞ്ഞിനെ സംരക്ഷിക്കുന്നതിനായി ആദ്യത്തെ രണ്ടു വർഷം വരെ പ്രതിമാസം 2000/- രൂപ നിരക്കിൽ ധനസഹായം നൽകുന്ന 'മാതൃജ്യോതി' പദ്ധതിയിൽ വിവിധതരം വൈകല്യം ബാധിച്ച അമ്മമാരെ ഉൾപ്പെടുത്തുന്നത്- ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

സാമൂഹ്യനീതി (ഡി) വകുപ്പ്

G.O.(Rt) No.268/2020/SJD തീയതി, തിരുവനന്തപുരം, 23/06/2020

---

പരാമർശം:- 1 സ.ഉ(സാധാ) നം.358/2016/സാ.നീ.വ തീയതി 30.7.2016

2 സാമൂഹ്യനീതി ഡയറക്ടറുടെ 3.3.2020 ലെ SJD/717/2020-D1നമ്പർ കത്ത്

3 13.5.2019 ലെ വർക്കിംഗ് ഗ്രൂപ്പ് യോഗത്തിന്റെ മിനിട്ട്സ്

AD (PC) Pl take further action 23/6

ഉത്തരവ്

കാഴ്ച വൈകല്യമുള്ള അമ്മമാർക്ക് പ്രസവാനന്തരം കുഞ്ഞിനെ പരിപാലിക്കുന്നതിനും അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമാക്കുന്നതിനുമായി 50 അമ്മമാർക്ക് 24,000/- രൂപ വച്ച് 12,00,000/- രൂപ ചെലവഴിക്കുന്നതിന് ഭരണാനുമതി നൽകി പരാമർശം 1 പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. കാഴ്ചവൈകല്യമുള്ള അമ്മമാർക്ക് പ്രസവാനന്തരം കുഞ്ഞിനെ സംരക്ഷിക്കുന്നതിനായി ആദ്യത്തെ രണ്ടു വർഷം വരെ പ്രതിമാസം 2000/- രൂപ നിരക്കിൽ ധനസഹായം നൽകുന്ന 'മാതൃജ്യോതി' എന്ന പദ്ധതിയിൽ വിവിധതരം വൈകല്യം ബാധിച്ച അമ്മമാരെ ഉൾപ്പെടുത്തുന്നതിന് 2020-21 സാമ്പത്തിക വർഷം 36 ലക്ഷം രൂപ പാർശ്വവൽക്കരിക്കപ്പെട്ട ജനവിഭാഗങ്ങൾക്കുള്ള നൂതന പദ്ധതി എന്ന 2235-60-200-83 ശീർഷകത്തിൽ ഉൾപ്പെടുത്തി ഭരണാനുമതി നൽകണമെന്ന് പരാമർശം 2 പ്രകാരം സാമൂഹ്യനീതി ഡയറക്ടർ അഭ്യർത്ഥിച്ചിരിക്കുന്നു.

2. പദ്ധതിയുടെ വിശദാംശം ചുവടെ ചേർക്കുന്നു:

ഒരു ഗുണഭോക്താവിന് ഒരു മാസം നൽകുന്ന തുക -2000/- രൂപ

ഒരു വർഷം ഒരു ഗുണഭോക്താവിന് അനുവദിക്കാവുന്ന തുക -24000/- രൂപ

ആകെ ലക്ഷ്യമിടുന്ന ഗുണഭോക്താക്കളുടെ എണ്ണം -100

ആകെ ആവശ്യമായ തുക -100x24000=24,00,000/-

നിലവിൽ നടപ്പിലാക്കി വരുന്ന മാതൃജ്യോതി പദ്ധതി പ്രകാരം 2020-21 വർഷത്തിൽ രണ്ടാം വർഷത്തെ ധനസഹായം നൽകുന്നതിന് പ്രതീക്ഷിക്കുന്ന ചെലവ്

ഗുണഭോക്താക്കളുടെ എണ്ണം -50

12 മാസത്തേയ്ക്ക് ആവശ്യമായ തുക -12,00,000/-

ആകെ 36 ലക്ഷം രൂപ

3. 13.5.2020 ലെ വർക്കിംഗ് ഗ്രൂപ്പ് യോഗം പ്രസ്തുത പ്രൊപ്പോസലിന് 12 ലക്ഷം രൂപയായി പരിമിതപ്പെടുത്തിക്കൊണ്ട് അംഗീകാരം നൽകി.

**File No.SJD-D3/68/2020-SJD**

4. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കാഴ്ചവൈകല്യമുള്ള അമ്മമാർക്ക് പ്രസവാനന്തരം കഞ്ഞിനെ സംരക്ഷിക്കുന്നതിനായി ആദ്യത്തെ രണ്ട് വർഷം വരെ പ്രതിമാസം 2000/- രൂപ നിരക്കിൽ ധനസഹായം നൽകുന്ന 'മാതൃജ്യോതി' എന്ന പദ്ധതിയിൽ വിവിധതരം വൈകല്യം ബാധിച്ച അമ്മമാരെ കൂടി ഉൾപ്പെടുത്തുന്ന പ്രൊപ്പോസലിന് 2020-21 സാമ്പത്തിക വർഷം 12,00,000/- (പന്ത്രണ്ട് ലക്ഷം രൂപ മാത്രം) രൂപയായി പരിമിതപ്പെടുത്തിക്കൊണ്ട്, പാർശ്വവൽക്കരിക്കപ്പെട്ട ജനവിഭാഗങ്ങൾക്കുള്ള നൂതന പദ്ധതി എന്നതിൽ 2235-60-200-83 എന്ന ശീർഷകത്തിൽ നിന്നും ചെലവഴിക്കുന്നതിന് ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
BIJU PRABHAKAR
SECRETARY

ഡയറക്ടർ, സാമൂഹ്യനീതി വകുപ്പ്, തിരുവനന്തപുരം

അക്കൌണ്ടന്റ് ജനറൽ ( എ & ഇ /ജി & എസ്സ് .എസ്സ് .എ ),കേരള, തിരുവനന്തപുരം

ധനകാര്യ വകുപ്പ്

ട്രഷറി ഓഫീസർ, ജില്ലാ ട്രഷറി, തിരുവനന്തപുരം

സാമൂഹ്യനീതി(എ) വകുപ്പ് (itemno5)

ആസൂത്രണസാമ്പത്തികകാര്യവകുപ്പ്

ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ്(വെബ് & ന്യൂ മീഡിയ) വകുപ്പ്

സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ